**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2161 — 11.06.2018 ൽ മറുപടിക്ക്

## കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ; | (എ) | ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ഒ.പി.സേവനങ്ങൾ രോഗീസൗഹൃദമാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 170 പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടികൾ പൂർത്തിയായി വരുന്നു. ഇതിൽ 144 കേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 17 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതിലേക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ 150 ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളിലേക്കുള്ള നിയമനം ജില്ലാതലത്തിൽ നടന്നു വരികയാണ്.<br><br>ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി അധിക ഒ.പി.കൗണ്ടറുകൾ, അഡ്വാൻസ് ബുക്കിംഗ് കൗണ്ടർ, മറ്റു സംവിധാനങ്ങൾ എക്സിറ്റ് കൗണ്ടർ ആവശ്യമായ ഇരിപ്പിടം, കുടിവെള്ളം, ടോയലറ്റ് സൗകര്യം, സൈനേജുകൾ, ഡിസപ്ലേബോർഡുകൾ, ആരോഗ്യബോധവത്കരണ സംവിധാനങ്ങൾ, രോഗികൾക്ക് സ്വകാര്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന മുറികൾ കമ്പ്യൂട്ടറൈസ്ഡ് ഒ.പി.എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം നേഴ്സ് പ്രീ ചെക്കം കൗൺസിലിങ്ങും വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പ് വരുന്നു. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ് ക്ലിനിക്ക്' മാനസികാരോഗ്യ |

| | | | |
|---|---|---|---|
| | | | പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' എന്നീ സൗകര്യങ്ങളും ഉറപ്പ് വരുത്തുന്നു.<br><br>2017-18 ലെ പ്ലാൻ ഫണ്ടിൽ 23 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എൻഎച്ച്.എം.വഴി അംഗീകൃത ഏജൻസികൾ മുഖാന്തിരം നടന്നു വരുന്നു. ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കെ.എം.എസ്.സി.എൽ. വഴി നടന്നു വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കുള്ള 4.845 കോടി രൂപയുടെ അധിക ഉപകരണങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ വഴി വാങ്ങി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻഫണ്ടിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപയും ലാബ് സൗകര്യത്തിനായി 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>ആർദ്രം മിഷന്റെ ഭാഗമായി ജില്ല് താലൂക്ക് തല ആശുപത്രികളെ നിശ്ചിതമാനദണ്ഡത്തോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി ഒ.പി.വിഭാഗങ്ങൾ ജനസൗഹൃദമാക്കാനുള്ള നടപടികൾ (ഒ.പി.ട്രാൻസ്ഫർമേഷൻ) ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം അധിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, തസ്തിക സൃഷ്ടിച്ച് ഡോക്ടർമാർ അടക്കമുള്ള വിവിധ വിഭാഗം ജീവനക്കാരെ നിയമിക്കൽ എന്നിവ നടന്നു വരുന്നു. ആർദ്രം പദ്ധതി തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഒ.പി.വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതടക്കമുള്ള. പ്രവർത്തനങ്ങളോടെ രോഗീസൗഹൃദമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 24.1672 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ആവശ്യത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ 15 കോടി രൂപ എൻ.എച്ച്.എം.ലേക്ക് കൈമാറുകയും അംഗീകൃത ഏജൻസി ഡി.പി.ആർ. തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട 17 ജില്ലാതല ആശുപത്രികളിലും 75 താലൂക്ക് തല ആശുപത്രികളിലുമായി ആയതിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി 610 വിവിധ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.<br><br>സൂപ്പർ സ്പെഷ്യാലിറ്റികളുടെ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവയ്ക്കായി 505 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തിയും, സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എം.പി./എം.എൽ.എ. ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവ വഴി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കിഫ്ബി മുഖേന പത്ത് കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റിന് (ആരോഗ്യ വകുപ്പിൽ 8-ഉം, മെഡിക്കൽ കോളേജിൽ 2-ഉം) ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ 44 എണ്ണം തുടങ്ങുന്നതിന് 69 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റേയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റിന് അനുമതി നൽകിയ 80 കോടി രൂപയുടെയും പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് നിയോജകമണ്ഡലത്തിൽ നിന്നും കല്ലടിക്കോട് പി.എച്ച്.സി, മങ്കര പി.എച്ച്.സി. എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.<br><br>മങ്കര പി.എച്ച്.സി.യിൽ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ഫാർമസിസ്റ്റ് ഒഴികെയുള്ള തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിച്ചിരുന്നുവെങ്കിലും എൻ.എച്ച്.എം.മുഖേന നിയമിച്ച ഡോക്ടർ മെഡിക്കൽ കോളേജിലേക്ക് മാറ്റം ലഭിച്ചതിനാൽ ഒ.പി. വൈകുന്നേരം 2 മണിവരെ മാത്രമേയുള്ളൂ. പകരം സംവിധാനം പഞ്ചായത്ത് അധികൃതർ സ്വീകരിച്ചു വരുന്നു. ലാബിലേക്കുള്ള ലാബ് റീ ഏജന്റുകൾ വാങ്ങുന്നതിന് പഞ്ചായത്തു മുഖേന സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും അതിൽ ഫാർമസിസ്റ്റ് ഒഴികെ മറ്റ് തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രത്തിൽ രാവിലെ 9 ണി മുതൽ വൈകുന്നേരം 6 മണിവരെയാണ് ഒ.പി.പ്രവർത്തിക്കുന്നത്. ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ് ക്ലിനിക്', ആശ്വാസ് ക്ലിനിക്, എൻ.ഡി.സി.ക്ലിനിക് മെന്റൽ ഹെൽത്ത് ക്ലിനിക്, കൗമാര ക്ലിനിക്, പ്രീ ചെക്ക് അപ് ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ